"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തച്ചാമ്പാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.പി.എൽ.ഗിരിപ്രസാദിന് 25.07.2019 മുതൽ 12.08.2019 വരെ യുള്ള കാലയളവ് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഡ്യൂട്ടി ആയി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1333/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2021

---

പരാമർശം:-

1. ശ്രീ. ഗിരിപ്രസാദ് പി. എൽ ന്റെ 05.10.2020 ലെ അപ്പീൽ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 30.12.2020 ലെ PAN/15153/2019-E1 (DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്ത 25.07.2019 മുതൽ പുനർനിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെങ്കര ഗ്രാമ പഞ്ചായത്തിൽ ചാർജ്ജെടുത്ത 13.08.2019 വരെയുള്ള ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് സർവ്വീസ് ക്രമവൽക്കരിച്ചു നൽകണമെന്നും 25.07.2019 - മുതൽ പഞ്ചായത്ത് സെക്രട്ടറിയുടെ ശമ്പള സ്കെയിലിൽ ശമ്പളം ഫിക്സ് ചെയ്തു നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ശ്രീ.പി.എൽ.ഗിരിപ്രസാദ് മേൽ പരാമർ ശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. 20.07.2019 ലെ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം നമ്പർ PAN/15153/2019 പ്രകാരം ശ്രീ. പി. എൽ ഗിരിപ്രസാദ് ഉൾപ്പെടെ 11 പേർക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും ടിയാളെ ഷോളയൂർ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും ചെയ്തു. ടിയാൾ ജോലി ചെയ്തിരുന്ന തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 24.07.2019 തീയതിയിൽ വിടുതൽ ചെയ്ത് 25.07.2019 ന് റിപ്പോർട്ട് ചെയ്തെങ്കിലും ഐ. എസ്. ഒ സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിൽ ആയിരുന്നതിനാലും നിലവിലുള്ള സെക്രട്ടറിയുടെ സാന്നിധ്യം അനിവാര്യമാതിനാലും ശ്രീ. പി. എൽ ഗിരിപ്രസാദിന് ഷോളയൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വരുകയും, ടിയാൻ 25.07.2019 ാം തീയതി ഡി.ഡി.പി മുൻപാകെ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇത് 11.12.2019 ലെ PAN/15153/2019 നമ്പർ നടപടിക്രമത്തിൽ നിന്ന് വ്യക്തമാണ്. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 02.08.2019 തീയതിയിലെ PAN/100/2019-E1 (DP) (1) നമ്പർ നടപടിക്രമം പ്രകാരം ടിയാനെ പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും ടിയാൻ 13.08.2019 തീയതി സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു.

# File No.LSGD-EPB1/174/2020-LSGD

3. കെ.എസ്. ആർ ഭാഗം I ചട്ടം 23 (a) പ്രകാരം ഒരു തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി മുതൽക്ക് മാത്രമേ പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ. ടി ചട്ടപ്രകാരം ശ്രീ. പി. എൽ ഗിരിപ്രസാദ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ചുമതലയേറ്റ 13.08.2019 മുതൽ മാത്രമേ പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട ശമ്പളത്തിനും മറ്റു സേവനാനുകൂല്യങ്ങൾക്കും അർഹതയുള്ളൂ. 25.07.2019 മുതൽ 12.08.2019 വരെയുള്ള കാലയളവ് താഴ്ന്ന തസ്തികയിൽ ക്രമീകരിക്കുന്നതിനേ വ്യവസ്ഥയുള്ളൂ. എന്നാൽ ടിയാളെ നിയമിച്ച ഷോളയൂർ ഗ്രാമപഞ്ചായത്തിൽ ടിയാൾ ജോലിക്ക് റിപ്പോർട്ട് ചെയ്ത 25.07.2019 ന് ചുമതലയേൽക്കാൻ സാധിക്കാത്തത് ടിയാളുടെ വീഴ്ചയല്ല. മറിച്ച് ഭരണപരമായ കാരണം കൊണ്ടാണ്. ടിയാൾ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ചുമതലയേറ്റ 13.08.2019 മുതൽ ടി തസ്തികയിൽ നിയമന പ്രാബല്യം നൽകുന്നത് വഴി ടിയാൾക്കൊപ്പം പഞ്ചായത്ത് സെക്രട്ടറി ആയി നിയമനം ലഭിച്ച ടിയാളുടെ ജൂനിയർമാർ കൂടുതൽ ശമ്പളം വാങ്ങുന്നതിനും സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ ജൂനിയർമാർ ടിയാളെക്കാൾ മുമ്പിലായി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും കാരണമാകും. ടിയാളുടേതല്ലാത്ത കാരണത്താൽ പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട സേവനാനുകൂല്യങ്ങളിൽ നഷ്ടമുണ്ടാകുന്ന അവസ്ഥയുണ്ടാകും. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തും, 25.07.2019 മുതൽ 13.08.2019 വരെ ഒഴിവുണ്ടായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലും, 25.07.2019 മുതൽ 12.08.2019 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ചട്ടം 23 (a) യിൽ ഇളവ് വരുത്തി കെ.എസ്.ആർ. ഭാഗം I ചട്ടം 12(7) ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ശ്രീ.പി.എൽ. ഗിരിപ്രസാദിന് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുടെ മറ്റ് സേവന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. ഗിരിപ്രസാദ് പി. എൽ, പഞ്ചായത്ത് സെക്രട്ടറി, തച്ചാമ്പാറ (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 14-07-2021 17:06:58
Reason: Approved

സെക്ഷൻ ഓഫീസർ